24 /DGE /HSE /NSS /2022

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
നാഷണൽ സർവ്വീസ് സ്കീം,
(ഹയർ സെക്കൻററി വിഭാഗം),
ഹൗസിംഗ് ബോർഡ് ബിൽഡിംഗ് ,
ശാന്തി നഗർ, തിരുവനന്തപുരം.
04712323023
dhsensskerala@gmail.com

തീയതി : 22 / 02 / 2022

# <u>സർക്കുലർ</u>

വിഷയം :- ഒന്നാം വർഷ വിദ്യാർത്ഥികളുടെ എൻറോൾമെൻറ്, എസ്.എഫ്.യു
അഡ്മിനിസ്ട്രേറ്റീവ് ഫണ്ട് - സംബന്ധിച്ച്

ഹയർ സെക്കന്ററി നാഷണൽ സർവ്വീസ് സ്കീം 2021 -22 അദ്ധ്യയന വർഷത്തെ ഒന്നാം വർഷ വോളന്റിയർമാരുടെ എൻറോൾമെൻറ് അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്. പി.എ.സി അംഗങ്ങൾ യൂണിറ്റുകളിൽ നിന്നും ലഭിക്കുന്ന എൻറോൾമെൻറ് ക്രോഡീകരിച്ച് ജില്ലാ കൺവീനർമാർക്ക് നൽകേണ്ടതാണ്. ജില്ലാ തലത്തിൽ ക്രോഡീകരിച്ച എൻറോൾമെൻറ് ലിസ്റ്റ് ഫെബ്രുവരി 26 -ാം തീയതി നടക്കുന്ന ജില്ലാ - റീജിയണൽ കൺവീനർമാരുടെ യോഗത്തിൽ അതാത് ജില്ലാ കൺവീനർമാർ എൻ.എസ്.എസ് സെല്ലിൽ ഏൽപ്പിക്കേണ്ടതാണ്. (ഹാർഡ് കോപ്പി & സോഫ്റ്റ് കോപ്പി)

സ്വാശ്രയ എൻ.എസ്.എസ് യൂണിറ്റുകളുടെ അഡ്മിനിസ്ട്രേറ്റീവ് ഫണ്ടായ 3 ,000 /- രൂപ പ്രോഗ്രാം കോ-ഓർഡിനേറ്റർ , നാഷണൽ സർവ്വീസ് സ്കീം, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം എന്ന പേരിൽ ഡി.ഡി.ആയി (SBI തിരുവനന്തപുരം മെയിൻ ബ്രാഞ്ചിൽ മാറാവുന്നത്) എൻറോൾമെൻറ് ലിസ്റ്റിനോടൊപ്പം പി.എ.സി അംഗങ്ങൾ വഴി ജില്ലാ കൺവീനർമാർക്ക് നൽകേണ്ടതാണ്. ഡി.ഡി യുടെ പിറകുവശത്ത് സ്കൂളിന്റെ പേര്, ജില്ലാ എന്നിവ വ്യക്തമായി രേഖപ്പെടുത്തണം. പുതുതായി പ്രവർത്തനമാരംഭിച്ച യൂണിറ്റുകൾ അഡ്മിനിസ്ട്രേറ്റീവ് ഫണ്ട് ഇനത്തിൽ 1 ,500/- രൂപയുടെ ഡി.ഡി, മേൽപറഞ്ഞ രീതിയിൽ നൽകേണ്ടതാണ്. ഡി.ഡി കളും, ജില്ലാ തലത്തിൽ ക്രോഡീകരിച്ച സ്കൂളുകളുടെ ലിസ്റ്റും (ഹാർഡ് കോപ്പി & സോഫ്റ്റ് കോപ്പി) ജില്ലാ/റീജിയണൽ കൺവീനർമാരുടെ യോഗത്തിൽ സമർപ്പിക്കേണ്ടതാണ്.

ഡോ. ജേക്കബ് ജോൺ
പ്രോഗ്രാം കോ - ഓർഡിനേറ്റർ